Draft #2 of File 30851/AC A1-3/2023/VC SECTION Approved by DEPUTY REGISTRAR I (ACADEMIC) on 13-Apr-2023 12:04 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവകലാശാല പഠന വകുപ്പുകൾ - 2022-'23 അക്കാദമിക വർഷത്തെ മധ്യവേനലവധി 2023 മെയ് 15 മുതലായി പുതുക്കി നിശ്ചയിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4117/AC A 1/2023/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 13.04.2023

---

*പരാമർശം:*-1. 18.03.2023 തീയതിയിലെ പരിപത്രം നം. 30851/ AC A1-3/2023/VC SECTION

2. 10.04.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ എക്സ്ട്രാക്റ്റ് ഇനം നം. ഒ.എ.6/23.02

**ഉത്തരവ്**

സർവ്വകലാശാല പഠനവകുപ്പുകളിലെ മധ്യവേനലവധി 2023 ഏപ്രിൽ 15 മുതൽ 2023 ജൂൺ 14 വരെ നിശ്ചയിച്ചുകൊണ്ട് പരമാർശം (1) പരിപത്രം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ സർവ്വകലാശാലയിൽ NAAC സംബന്ധമായ ഒട്ടനവധി പ്രവർത്തനങ്ങൾ പഠന വകുപ്പുകളിലെ അദ്ധ്യാപകരുടെ പങ്കാളിത്തത്തോടെ പൂർത്തീകരിക്കേണ്ടതിനാൽ, 2022-'23 അക്കാദമിക വർഷത്തെ മധ്യവേനലവധി ആരംഭിക്കുന്ന തീയതി 2023 ഏപ്രിൽ 15 ന് പകരം 2023 മെയ് മാസം 15 ആയി പുതുക്കി നിശ്ചയിക്കുന്നതിനും, അധ്യയനം പൂർത്തീകരിക്കേണ്ടുന്ന പഠന വകുപ്പുകളിൽ വകുപ്പ് മേധാവികൾ ആവശ്യപ്പെടുന്നതനുസരിച്ച് ഗസ്റ്റ് അദ്ധ്യാപകർക്ക് 2 മാസം കൂടി കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനും പരാമർശം (2) പ്രകാരം സിൻഡിക്കേറ്റ് തീരുമാനിച്ചു.

തദനുസരണം പരമാർശം (1) പരിപത്രം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മായാ ജെ പള്ളിപ്പറമ്പിൽ

ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സർവ്വകലാശാല പഠനവകുപ്പുകൾ
2. വി.സി /പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4. എ. ആർ / ഡി. ആർ / ജെ. ആർ (അക്കാദമിക് /പരീക്ഷ /ഫിനാൻസ് )

5. എ.സി.സി.1 / എ.സി.സി.2 / ആക്ഷൻ ടേക്കൺ റിപ്പോർട്ട്

5.എ.സി.എ 5/ എ.സി.ബി. 7

6. ഐ.ക്യു .എ.സി/എ.ഡി.എ.2/എ.ഡി.എ.5/എ.ഡി.എ.9

7. പി.ആർ.ഒ സെക്ഷൻ /യൂണിവേഴ്സിറ്റി വെബ്സൈറ്റ്/ ഫ്രണ്ട് ഓഫീസ്

8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി /റെക്കോർഡ്സ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 30851/AC A1-3/2023/VC SECTION Approved by DEPUTY REGISTRAR I (ACADEMIC) on 13-Apr-2023 12:04 PM - Page 2